2026
July
31
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്നുള്ള സ്റ്റീൽ ഇറക്കുമതി: ബ്രിട്ടന് മുന്നറിയിപ്പുമായി ടാറ്റ

**മൂംബൈ:** മറ്റ് വിപണികളിൽനിന്ന് തിരിച്ചുവിടുന്ന വില കുറഞ്ഞ ഉരുക്കിന്റെ ഡംപിങ് ഗ്രൗണ്ടായി യുകെ മാറുമെന്നും ആഭ്യന്തര നിർമാണത്തെ അത് ബാധിക്കുമെന്നും ടാറ്റ പറയുന്നു.

ഇന്ത്യ ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിൽനിന്നുള്ള സ്റ്റീൽ ഇറക്കുമതി ബ്രിട്ടനെ ഡംപിങ് കേന്ദ്രമാക്കുമെന്നും തൊഴിലവസരങ്ങൾ കുറയ്ക്കുമെന്നും മുന്നറിയിപ്പ് നൽകി ടാറ്റ.

ചൈന, ഇന്ത്യ, വിയറ്റ്നാം എന്നിവിടങ്ങളിൽനിന്ന് നികുതിയില്ലാത്ത ഇറക്കുമതി ക്വാട്ട വർധിപ്പിച്ച സാഹചര്യത്തിലാണ് ടാറ്റയുടെ മുന്നറിയിപ്പ്. പുതിയ വ്യവസ്ഥ പ്രകാരം വിയറ്റ്നാമിൽനിന്നുള്ള ഇറക്കുമതി 51,000 ടണ്ണിൽനിന്ന് 1,74,000 ടണ്ണായി വർധിപ്പിച്ചു. ഇന്ത്യയുടേതാകട്ടെ 98,000 ടണ്ണിൽനിന്ന് 1,25,000 ടണ്ണായും ഉയർത്തി. ഈ പരിധിക്ക് പുറത്തുള്ള ഇറക്കുമതിക്ക് 50 ശതമാനം തീരുവയാണ് ഈടാക്കുക.




യുകെയിലെ ഏറ്റവും വലിയ ഉരുക്ക് നിർമാതാക്കളായ ടാറ്റ അവിടത്തെ ലാവൻഡർ പ്ലാന്റിൽ പ്രതിവർഷം 6,00,000 ടൺ ഗാൽവനൈസ്ഡ് സ്റ്റീൽ ഉത്പാദിപ്പിക്കുന്നുണ്ട്. അതായത്, ഇന്ത്യക്കും വിയറ്റ്നാമിനും മാത്രമായി യുകെയുടെ വാർഷിക ഉത്പാദനത്തിന്റെ പകുതിയോളം താരിഫ് ഇല്ലാത്ത ഉരുക്ക് കയറ്റുമതി ചെയ്യാൻ കഴിയും.

അതുകൊണ്ടുതന്നെ നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തിയില്ലെങ്കിൽ യുകെയിലെ ടാറ്റയുടെ നിലനില്പുതന്നെ പ്രതിസന്ധിയിലാകും. മറ്റ് വിപണികളിൽനിന്ന് തിരിച്ചുവിടുന്ന വില കുറഞ്ഞ ഉരുക്കിന്റെ ഡമ്പിങ് ഗ്രൗണ്ടായി യുകെ മാറുമെന്നും ആഭ്യന്തര നിർമാണത്തെ അത് ബാധിക്കുമെന്നും ടാറ്റ പറയുന്നു.

യൂറോപ്യൻ യൂണിയൻ പോലുള്ള മറ്റ് വിപണികൾ യുകെയിൽനിന്നുള്ള താരിഫ് രഹിത ക്വാട്ട കുറയ്ക്കുകയാണ്.

അതേസമയം, യുകെയാകട്ടെ ഇറക്കുമതി ഉദാരമാക്കുന്നതിനാൽ മറ്റ് വിപണികളിൽനിന്ന് ഒഴിവാക്കുന്ന വില കുറഞ്ഞ സ്റ്റീൽ രാജ്യത്തെത്തുന്നതിന് കാരണമാകും. സ്റ്റീൽ വ്യവസായം അസ്ഥിരമാകുന്നതോടെ ആയിരക്കണക്കിന് തൊഴിലവസങ്ങൾ നഷ്ടമാകുമെന്നും ടാറ്റ മുന്നറിയിപ്പ് നൽകുന്നു.

## മിനിമം ബാലൻസ്: 2026ൽ ബാങ്കുകൾ പിഴയായി ഈടാക്കിയത് 7,000 കോടി രൂപ

**മൂംബൈ:** കഴിഞ്ഞ സാമ്പത്തിക വർഷം മിനിമം ബാലൻസ് ഇല്ലാത്തതിന്റെ പേരിൽ ബാങ്കുകൾ പിഴയായി ഈടാക്കിയത് 7,000 കോടി രൂപ. കൂടുതൽ തുക ഈടാക്കിയവരിൽ സ്വകാര്യ ബാങ്കുകളാണ് മുന്നിൽ. സേവിങ്സ്, കറന്റ് അക്കൗണ്ടുകളിൽ മിനിമം ശരാശരി ബാലൻസ് നിലനിർത്താത്തവരിൽനിന്നാണ് വൻ തുക പിഴ ഈടാക്കുന്നത്.

എല്ലാ അക്കൗണ്ട് ഉടമകൾക്കും ഇത്തരത്തിലുള്ള പിഴ ബാധകമല്ല. കേന്ദ്ര സർക്കാർ നിർദേശ പ്രകാരം ബേസിക് സേവിങ്സ് ബാങ്ക് ഡെപ്പോസിറ്റ് അക്കൗണ്ടുകൾക്കും (ബി.എസ്.ബി.ഡി.എ) പ്രധാനമന്ത്രി ജൻധൻ യോജന (പി.എം.ജെ.ഡി.വൈ) അക്കൗണ്ടുകൾക്കും പിഴ ഈടാക്കാറില്ല.

## വാട്സ്ആപ്പിൽ ഇനി വെബ് കോളിംഗും കോൾ ട്രാൻസ്ഫറും

**സാൻഫ്രാൻസിസ്കോ:** ഉപയോക്താക്കൾക്കു കൂടുതൽ സൗകര്യപ്രദമായ രീതിയിൽ കോളിംഗ് സേവനങ്ങൾ ലഭ്യമാക്കാൻ പുതിയ ഫീച്ചറുകൾ അവതരിപ്പിച്ച് വാട്സ്ആപ്പ്.

മൊബൈൽ, ഡെസ്ക് ടോപ്പ് ആപ്പുകൾ ഡൗൺലോഡ് ചെയ്യാതെതന്നെ ഗൂഗിൾ ക്രോം പോലുള്ള വെബ് ബ്രൗസറുകളിലൂടെ നേരിട്ട് വോയ്സ്, വീഡിയോ കോളുകൾ ചെയ്യാനുള്ള വെബ് കോളിംഗ് സൗകര്യമാണ് ഇതിൽ പ്രധാനം. രണ്ടു വ്യക്തികൾ തമ്മിൽ കോൾ ചെയ്യുന്നതിനും ഗ്രൂപ്പ് കോളുകൾക്കും ഒരുപോലെ വെബ് കോളിംഗ് പിന്തുണ ലഭ്യമാണ്. ഇതിനൊപ്പം സ്ക്രീൻ ഷെയറിംഗ്, റിയാക്ഷനുകൾ, പ്രത്യേക കോൾ ഹിസ്റ്ററി ടാബ് എന്നിവയും വെബ് പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡെസ്ക് ടോപ്പ് ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യാൻ അനുമതിയില്ലാത്ത ഔദ്യോഗിക ലാപ്ടോപ്പുകൾ ഉപയോഗിക്കുന്നവർക്കും പഠനാവശ്യങ്ങൾക്ക് കംപ്യൂട്ടർ ഉപയോഗിക്കുന്ന വിദ്യാർഥികൾക്കും ഈ സൗകര്യം ഏറെ പ്രയോജനപ്പെടും.

## തിരിച്ചുവരവിനൊരുങ്ങി ഒനിഡ

**മൂംബൈ:** തിരിച്ചുവരവിനൊരുങ്ങി ഒനിഡ. ലക്ഷ്യം അഞ്ചുവർഷത്തിനുള്ളിൽ അഞ്ചിരട്ടി വളർച്ച. എൺപതുകളിലും തൊണ്ണൂറുകളിലും ഇന്ത്യൻ കളർ ടെലിവിഷൻ വിപണിയിൽ വിപ്ലവം സൃഷ്ടിച്ച ബ്രാൻഡായിരുന്നു ഒനിഡ. 'അയൽക്കാരന്റെ അസൂയ, ഉടമയുടെ അഭിമാനം'എന്ന ആ പഴയ പരസ്യവാചകം ഒരു തലമുറയുടെ ഗൃഹാതുരത്വമാണ്. ആഗോള ഇലക്ട്രോണിക്സ് ഭീമന്മാരുടെ കടന്നുകയറ്റത്തിൽ വിപണി വിഹിതം നഷ്ടപ്പെട്ട ഈ തദ്ദേശീയ ബ്രാൻഡ്, പഴയ പ്രതാപം വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ്. ഗൃഹാതുരത്വത്തെ ആധുനിക ബിസിനസ് തന്ത്രങ്ങളുമായി കോർത്തിണക്കിക്കൊണ്ടുള്ള 'റീബൂട്ടിങ്ങിനാണ്' ഒനിഡ ഇപ്പോൾ തുടക്കമിടുന്നത്.

ഒനിഡയുടെ ഐതിഹാസികമായ ചെകുത്താൻ' വീണ്ടും വിപണിയിൽ അവതരിപ്പിക്കാനാണ് കമ്പനിയുടെ തീരുമാനം. ഇത് വെറുമൊരു വൈകാരികമായ നീക്കമല്ല, കൃത്യമായ വിപണി ഗവേഷണത്തിന്റെ ഫലമാണ്. കഴിഞ്ഞ മൂന്ന് മാസമായി രാജ്യവ്യാപകമായി കമ്പനി നടത്തിയ ഉപഭോക്തൃ ഗവേഷണത്തിൽ പഴയ തലമുറയ്ക്കൊപ്പം പുതിയ തലമുറയ്ക്കും ഈ ഐക്കണിനോട് വലിയ ആഭിമുഖ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കാലഘട്ടത്തിനനുസരിച്ച് രൂപമാറ്റം വരുത്തി അവതരിപ്പിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. രൂപത്തിലും പ്രായത്തിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ആഴത്തിലുള്ള വിശകലനങ്ങൾ നടന്നു വരികയാണ്.

കമ്പനിയുടെ ബിസിനസ് മോഡലിൽ വലിയൊരു മാറ്റമാണ് സിഇഒ ഗുഞ്ചൻ ശ്രീവാസ്തവയുടെ നേതൃത്വത്തിൽ നടക്കുന്നത്. ആദായം വർധിപ്പിക്കുന്നതിന്റെ ഭാഗമായി, മാർജിൻ കുറഞ്ഞ കരാർ നിർമാണ രീതിയിൽ നിന്ന് ഒനിഡ പൂർണമായും പിന്മാറുകയാണ്. ഇനി മുതൽ സ്വന്തം ബ്രാൻഡിലുള്ള ഉത്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വിപണിയിൽ സാന്നിധ്യം ശക്തമാക്കാനാണ് കമ്പനിയുടെ തീരുമാനം.

വൻ സാമ്പത്തിക കുതിച്ചുചാട്ടമാണ് ഒനിഡ ലക്ഷ്യമിടുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ 660 കോടി രൂപ വരുമാനവും 74 കോടി രൂപയുടെ പ്രവർത്തന നഷ്ടവുമാണ് കമ്പനി രേഖപ്പെടുത്തിയത്. എന്നാൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വിറ്റുവരവ് അഞ്ചിരട്ടിയായി വർധിപ്പിക്കാനാണ് ഒനിഡ പദ്ധതിയിടുന്നത്. അടുത്ത 12 മുതൽ 24 മാസത്തിനുള്ളിൽ നഷ്ടമില്ലാത്ത അവസ്ഥ (ബ്രേക്ക്ഈവൻ) കൈവരിക്കുക എന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. ആഗോള ഭീമന്മാർ ആധിപത്യം പുലർത്തുന്ന വിപണിയിൽ തദ്ദേശീയമായ കരുത്തോടെ ലാഭക്ഷമതയിലേക്ക് തിരിച്ചെത്തുക എന്നത് വലിയൊരു വെല്ലുവിളിയാണെങ്കിലും കൃത്യമായ സാമ്പത്തിക ആസൂത്രണം ഇതിനായി കമ്പനി തയ്യാറാക്കിയിട്ടുണ്ട്.

ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ വിതരണ ശൃംഖലയിൽ വൻ വിപുലീകരണമാണ് കമ്പനി നടത്തുന്നത്.






# വികസനപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കും

**പാലക്കാട്:** ജില്ലാ പഞ്ചായത്ത് ഭരണസമിതി ആരംഭിച്ച എല്ലാ വികസനപദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു മുൻഗണന നൽകുമെന്ന് പുതുതായി ചുമതലയേറ്റ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് എസ്.ബി. രാജു.

രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി എല്ലാ അംഗങ്ങളേയും ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും ഒരുമിപ്പിച്ചുള്ള മാതൃകാപരമായ പ്രവർത്തനത്തിലൂടെയാകും വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയെന്നും അദ്ദേഹം വ്യക്തമാക്കി.

സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങൾ നേരിടുന്ന ഫണ്ടിൻറെ പരിമിതികൾ പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കാനിടയുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് ഏറ്റവും മുൻഗണന അർഹിക്കുന്ന പദ്ധതികൾ ആദ്യം പൂർത്തിയാക്കുന്നതിനാണ് ഭരണസമിതി ശ്രദ്ധ കേന്ദ്രീകരിക്കുകയെന്ന് എസ്.ബി. രാജു പറഞ്ഞു.

ജില്ലയിലെ എല്ലാ മേഖലകളുടെയും സമഗ്രവികസനവും ജനക്ഷേമവും ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകും. ഗ്രാമ, നഗര മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം, വനിതാ, യുവജന ക്ഷേമം തുടങ്ങിയ മേഖലകളിൽ ജനങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

പാലക്കാടിന്റെ ഭാവി വികസനത്തിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമായി എല്ലാവരുടെയും സഹകരണത്തോടെ ഒറ്റക്കെട്ടായി പ്രവർത്തിക്കും. ജനപ്രതീക്ഷകൾക്ക് അനുസൃതമായ വികസന കാഴ്ചപ്പാടോടെയാണ് പുതിയ ഭരണസമിതി മുന്നോട്ടുപോകുന്നതെന്നും പ്രസിഡൻറ് കൂട്ടിച്ചേർത്തു.

# യംഗ് ഇൻഡ്യൻസ് പാർലമെൻറ് സംഘടിപ്പിച്ചു

**കോഴിക്കോട്:** കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയുടെ ഘടകമായ യംഗ് ഇൻഡ്യൻസ് ദ വൈറ്റ് ഇൻറർനാഷണൽ സ്കൂളിൽ വച്ച് യംഗ് ഇൻഡ്യൻസ് പാർലമെൻറ് സംഘടിപ്പിച്ചു. നഗരത്തിലെ പത്തിലധികം സ്കൂളുകളിൽ നിന്നെത്തിയ വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.

പാർലമെൻററി നടപടിക്രമങ്ങൾ നേരിട്ടറിയാനും സമകാലിക വിഷയങ്ങളിൽ തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കാനും വിദ്യാർഥികൾക്ക് സാധിച്ചു. മുൻ കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ് മുഖ്യാതിഥിയായി. ഇന്ത്യൻ ജനാധിപത്യ മൂല്യങ്ങളെയും പ്രവർത്തന രീതികളെയും കുറിച്ച് വിദ്യാർഥികളെ ബോധവത്കരിക്കുകയും, ആത്മവിശ്വാസവും സാമൂഹിക പ്രതിബദ്ധതയുമുള്ള ഭാവി നേതാക്കളെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പാർലമെൻറ് സംഘടിപ്പിച്ചത്.



# സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കും, ഹെപ്പറ്റൈറ്റിസ് വാക്സിനേഷൻ വ്യാപകമാക്കും: മന്ത്രി കെ മുരളീധരൻ

**തിരുവനന്തപുരം:** ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ്സി പോലുള്ള മാരകരോഗങ്ങൾ എത്രയും വേഗം കണ്ടെത്താനും വാക്സിനേഷൻ വ്യാപകമാക്കാനും നടപടിയെടുക്കുമെന്നു ആരോഗ്യദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന ലോക ഹെപ്പറ്റൈറ്റിസ് ദിന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം എത്രയും വേഗം പരിഹരിക്കും. കൂടാതെ പുതിയതായി മരുന്നുകൾ വാങ്ങുന്നതിനായി ആരോഗ്യ വകുപ്പിന് 500 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഐക്യത്തോടെ പ്രവർത്തിക്കുന്നവരാണ് നമ്മൾ എന്നതാണ് സംസ്ഥാനത്തിന്റെ നേട്ടം. തെറ്റിദ്ധാരണ ഉളവാക്കുന്ന വാർത്തകൾ പ്രചരിപ്പിക്കാതിരിക്കാതിരിക്കുകയും, ജീവനക്കാർ രോഗികളോട് നല്ല രീതിയിൽ പെരുമാറുകയും വേണം.

വി. മുരളീധരൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. ഹെപ്പറ്റൈറ്റിസ് പോലുള്ള രോഗങ്ങളുടെ പ്രതിരോധവും നിർമ്മാർജ്ജനവും സാധ്യമാണ്. ഇതിന് ബോധവത്കരണവും സാമൂഹികമായ മാറ്റവും അനിവാര്യമാണ്. കേവലം ഒരു ദിവസത്തെ ദിനാചരണത്തിലൊതുങ്ങാതെ ഓരോ വ്യക്തിയും ആരോഗ്യ പ്രവർത്തകനാകണം, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരിലേക്ക് സേവനങ്ങൾ എത്തിക്കണം എന്നും എംഎൽഎ പറഞ്ഞു.

ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി മുഖ്യപ്രഭാഷണം നടത്തി. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ. പി. റീത്ത, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ചു രവീന്ദ്രൻ, സൂപ്രണ്ട് ഡോ. ജയചന്ദ്രൻ, അസിസ്റ്റന്റ് ഡയറക്ടർ ഡോ. എസ്. ഹരികുമാർ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർനോൾഡ് ദീപക്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ ഡോമി ജോൺ, ജില്ലാ ടി.ബി ഓഫീസർ ഡോ രഞ്ജി രാജൻ, സംസ്ഥാന എയിഡ്സ് നിയന്ത്രണ സമിതി ഡെപ്യൂട്ടി ഡയറക്ടർ ബാല മഞ്ചു തുടങ്ങിയവർ സംസാരിച്ചു. ബോധവത്ക്കരണ സെമിനാർ മെഡിക്കൽ കോളേജ് അഡിഷണൽ പ്രൊഫസർ ഡോ. എസ്. ശ്രീജയ നയിച്ചു. പരിപാടിയുടെ ഭാഗമായി നടന്ന ഹെപ്പറ്റൈറ്റിസ്ബി പരിശോധനയിലും വാക്സിനേഷനിലും 100 ലധികം പേർ പങ്കെടുത്തു. രോഗസാധ്യത കൂടുതലുള്ള വിഭാഗങ്ങൾക്കായാണ് പരിശോധനയും വാക്സിനേഷനും നടത്തിയത്.

# പാറ, മെറ്റൽ, എം സാൻഡ്, പാറപ്പൊടി എന്നിവയ്ക്കെല്ലാം വില ഉയർന്നു

പാറശാല: തമിഴ്നാട്ടിൽ നിന്ന് പാറ, മെറ്റൽ, എം സാൻഡ്, പാറപ്പൊടി എന്നീ നിർമാണ വസ്തുക്കൾ അന്യ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള വിലക്ക് തുടരുന്നത് തിരുവനന്തപുരം ജില്ലയിലെ നിർമാണ പ്രവൃത്തികൾക്ക് വലിയ ആഘാതമാകുന്നു. വാഹന ഉടമകൾ, തൊഴിലാളികൾ, നിർമാണ അനുബന്ധ മേഖലകളിൽ ഉള്ളവർ എന്നിങ്ങനെ ആയിരങ്ങളാണ് 4 മാസത്തോളമായി ദുരിതമനുഭവിക്കുന്നത്. കേരളത്തിലേക്കുള്ള നിർമാണ വസ്തുക്കൾക്കായി എത്തുന്ന ലോറികൾ, ടിപ്പറുകൾ തുടങ്ങിയവ വ്യാപകമായ അപകടങ്ങൾക്കിടയാക്കുന്നുവെന്ന കാരണം പറഞ്ഞാണ് കഴിഞ്ഞ ഏപ്രിൽ മുതൽ ഈ വാഹനങ്ങൾ കന്യാകുമാരി ജില്ലയിൽ പ്രവേശിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയത്.



കഴക്കൂട്ടം–കാരോട്–നാഗർകോവിൽ ബൈപാസിന്റെ നിർമാണം പൂർത്തിയാകുമ്പോൾ അതു വഴി പ്രവേശനം അനുവദിക്കാമെന്നാണ് അധികൃതരുടെ വാക്ക്. കാരോട്-നാഗർകോവിൽ ബൈപാസ് നിർമാണം ജൂലൈയോടെ പൂർത്തിയാകുമെന്നാണ് ദേശീയപാത വിഭാഗം നേരത്തേ അറിയിച്ചിരുന്നതെങ്കിലും ഈ വർഷാവസാനത്തോടെ മാത്രമേ പൂർത്തിയാകാൻ സാധ്യതയുളളൂ. കന്യാകുമാരി, വള്ളിയൂർ, തിരുനെൽവേലി, തുടങ്ങിയ ഇടങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിലേക്ക് ആവശ്യമായ പാറ, മെറ്റൽ, എം സാൻഡ്, പാറപ്പൊടി തുടങ്ങിയവ എത്തിച്ചിരുന്നത്. ഇവ കിട്ടാതായതോടെ വിഴിഞ്ഞം തുറമുഖം, തിരുവനന്തപുരം, കന്യാകുമാരി റയിൽപാത ഇരട്ടിപ്പിക്കൽ, വിവിധ റോഡുകൾ, ഫ്ലാറ്റുകൾ, വീടുകൾ ഉൾപ്പെടെയുള്ള സ്വകാര്യ നിർമാണ പ്രവൃത്തികൾ എന്നുവേണ്ട എല്ലാം സ്തംഭനാവസ്ഥയിലേക്ക് നീങ്ങുകയാണ്.

ദിവസേന രണ്ടായിരത്തോളം ടോറസ് ലോറികളിലാണ് നിർമാണ വസ്തുക്കൾ തിരുവനന്തപുരം ജില്ലയുടെ നാനാ ഭാഗങ്ങളിൽ എത്തിയിരുന്നത്. പ്രവേശന വിലക്കു വന്നതോടെ ടോറസ് ലോറികളിലേറെയും സംസ്ഥാന അതിർത്തിയിലും മറ്റുമുള്ള ഗ്രൗണ്ടുകളിൽ ഓട്ടമില്ലാതെ നിർത്തിയിട്ടിരിക്കുകയാണ്. ചില വാഹനങ്ങൾ ആര്യങ്കാവ്, ചെങ്കോട്ട വഴി ലോഡ് കൊണ്ടു വരാൻ ശ്രമിക്കുന്നുണ്ടെങ്കിലും പത്തു ശതമാനം പോലും ഇത്തരത്തിൽ ലഭ്യമാകുന്നില്ല.

ഉളളതിന്റെ ഇരട്ടി ദൂരമുണ്ട് ചെങ്കോട്ട റൂട്ടിൽ പോയിവരാൻ. അതു കൊണ്ടു തന്നെ ഇവയുടെ വില വൻതോതിൽ ഉയർന്നു. നേരത്തേ ഒരു ടൺ മെറ്റലിന് 1100,1200 രൂപയായിരുന്നത്. ഇപ്പോൾ 1600,1700 വരെയായി. എം സാൻഡിന് 1300 ആയിരുന്നത് 1800 വരെയായി. ഒരു ടൺ പാറയ്ക്ക് 1000 ആയിരുന്ന വില 1500 ആയും ഉയർന്നിട്ടുണ്ട്.

വാഹന ഉടമകൾ, തൊഴിലാളികൾ നിർമാണ മേഖലയിൽ പണിയെടുക്കുന്നവർ, എന്നിവർക്കു പുറമേ വർക്ക് ഷോപ്പുകൾ, ടയർ പഞ്ചർ കടകൾ എന്നീ അനുബന്ധ തൊഴിലുകളിലുളളവരും പ്രതിസന്ധിയിലായി. വാഹനങ്ങൾ ഓടാത്തതിനാൽ ഉടമകൾക്ക് വായ്പ തിരിച്ചടവ് നടക്കുന്നില്ല. കേരളം ഉൾപ്പെടെ എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും നിയന്ത്രണം ഒഴിവാക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടുവെന്നതാണ് ഈ മേഖലയിലുളളവർക്ക് പ്രതീക്ഷയേകുന്നത്.



# ഓണം ഖാദി മേള തുടങ്ങി

**കൽപ്പറ്റ:** ഓണം ഖാദി മേള ജില്ലാതല ഉദ്ഘാടനം ഉഷ വിജയൻ എംഎൽഎ നിർവഹിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി മുൻ ജില്ലാ പ്രസിഡൻറ് ഹരിദാസൻ ആദ്യ വിൽപന ഏറ്റുവാങ്ങി.

ഖാദി ബോർഡ് പ്രോജക്ട് ഓഫീസർ പി.കെ. സിന്ധു സ്വാഗതം പറഞ്ഞു. എല്ലാ തുണിത്തരങ്ങൾക്കും 30 ശതമാനം ഗവ. റിബേറ്റ് ഉണ്ടാകും. ഓരോ ആയിരം രൂപയുടെ പർച്ചേസിനും സമ്മാനക്കൂപ്പൺ ലഭിക്കും. ആഴ്ചതോറും നറുക്കെടുപ്പിലൂടെ 3000 രൂപയുടെ ഗിഫ്റ്റ് വൗച്ചർ നൽകും. മേള ഓഗസ്റ്റ് 25ന് സമാപിക്കും.



# നീലക്കുറിഞ്ഞി പൂക്കൾ കാണാൻ പ്രവേശനം അനുവദിച്ചു; ചിത്രങ്ങൾ പകർത്താനും അനുമതി

**ഗൂഡല്ലൂർ:** നീലക്കുറിഞ്ഞികൾ പൂത്ത മലനിരകൾ കുറിഞ്ഞി ഉദ്യാനമാക്കി മാറ്റും. കുറിഞ്ഞിപ്പൂക്കൾ കാണാൻ സഞ്ചാരികൾക്കുള്ള പ്രവേശനം എല്ലായിടത്തും വനം വകുപ്പ് അനുവദിച്ചു. അപൂർവയിനത്തിൽ പെട്ട നീലക്കുറിഞ്ഞി പൂക്കൾ കാണാനും ചിത്രങ്ങൾ പകർത്താനും അനുമതി നൽകി. ചെടികൾ വ്യാപകമായി സഞ്ചാരികൾ നശിപ്പിച്ചതോടെയാണ് നിക്ഷിപ്ത വനഭൂമിയിലേക്കുള്ള പ്രവേശനം വനം വകുപ്പ് നിർത്തലാക്കിയത്.

തുടർന്ന് ജീവനക്കാരെ നിയോഗിച്ച് സുരക്ഷ ഉറപ്പാക്കി കാണാൻ അനുമതി നൽകി. ഒരു സ്ഥലത്ത് നിന്നും പറിച്ച് മറ്റൊരു സ്ഥലത്ത് വളർത്താൻ കഴിയാത്ത ചെടിയാണിത്. പരാഗണം പൂർത്തിയാക്കി കൊഴിഞ്ഞു തീരുമ്പോൾ മണ്ണിൽ നിക്ഷേപിച്ച് വിത്തുകളാണ് വീണ്ടും മുളപൊട്ടുന്നത്. കാട്ടു തീ വരെ അതിജീവിക്കാൻ കഴിയുന്ന വിത്തുകളാണ് കുറിഞ്ഞിയുടേത്. വനം വകുപ്പ് ജീവനക്കാർ മൈക്ക് ഉപയോഗിച്ച് സഞ്ചാരികൾക്ക് നിർദേശങ്ങൾ നൽകുന്നുണ്ട്.

ജീൻപൂൾ ഗാർഡൻ പാണ്ഡ്യാർ, സൂചി മല, ചന്ദന മല കോഴിപാലം എന്നിവിടങ്ങളിലെ മൊട്ട കുന്നുകളിലും താഴ് വാരങ്ങളിലുമാണ് കുറിഞ്ഞി പൂത്തത്. വർഷങ്ങൾക്ക് മുൻപ് ഈ പ്രദേശങ്ങളിൽ നേരിയ തോതിൽ മാത്രം പൂത്തിരുന്ന ചെടികൾ ഈ പ്രദേശങ്ങളിലെല്ലാം വ്യാപകമായി പൂത്തു. പ്രകൃതി ഒരുക്കിയ അപൂർവ നിറക്കൂട്ടുകൾ കണ്ട് മടങ്ങാം. ചെടിയെ ഉപദ്രവിക്കരുത്.



# യുവജന പങ്കാളിത്തത്തിലൂടെ അഴിമതി രഹിത കേരളം സാധ്യമാക്കും: മന്ത്രി ചെന്നിത്തല

**തിരുവനന്തപുരം:** യുവജനതയുടെ സജീവ പങ്കാളിത്തത്തിലൂടെ അഴിമതി രഹിത കേരളം യാഥാർഥ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. സംസ്ഥാന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടപ്പാക്കുന്ന 'പ്രോജക്ട് സീറോ' പദ്ധതിയുടെ വിജിലൻസ് കമാൻഡോ യുവജന ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ലയോള സ്കൂൾ ഓഡിറ്റോറിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തെ പൂർണമായും അഴിമതി വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'പ്രോജക്ട് സീറോ' നടപ്പാക്കുന്നത്. സർക്കാർ ഓഫീസുകളിൽ എത്തുന്ന സാധാരണക്കാർക്ക് ആത്മാഭിമാനത്തോടെ കാര്യങ്ങൾ നിർവഹിക്കാൻ കഴിയണം. ഫയലുകൾ അനാവശ്യമായി വെച്ചു താമസിപ്പിക്കുന്നതും അഴിമതിയുടെ ഭാഗമാണെന്നും സർക്കാർ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ജനങ്ങളുടെ സേവകരാണെന്ന ബോധ്യം എല്ലാവർക്കും ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

അഴിമതിക്കെതിരായ പോരാട്ടത്തിൽ യുവജനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കാനാണ് 'വിജിലൻസ് കമാൻഡോ' ക്യാമ്പയിൻ തുടങ്ങുന്നത്. വിവിധ കോളേജുകളിലും സ്കൂളുകളിലും നിന്നുള്ള വിദ്യാർഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി അഴിമതിക്കെതിരെ ശക്തമായ ജനകീയ സേന രൂപീകരിക്കും. മയക്കുമരുന്നിനെതിരായ 'ഓപ്പറേഷൻ തൂഫാൻ' ജനങ്ങൾ ഏറ്റെടുത്തതുപോലെ 'പ്രോജക്ട് സീറോ'യും വലിയ വിജയമാകുമെന്ന് മന്ത്രി പറഞ്ഞു.

അഴിമതിക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകിയ മന്ത്രി, കൈക്കൂലി വാങ്ങുന്നതിനൊപ്പം കൊടുക്കുന്നതും ശിക്ഷാർഹമാണെന്ന് വ്യക്തമാക്കി. കൈക്കൂലി നൽകി കാര്യം സാധിച്ചെടുത്ത ഫയലുകൾ വീണ്ടും പരിശോധിക്കുകയും നിയമവിരുദ്ധമായി നേടിയ ഉത്തരവുകൾ റദ്ദാക്കുകയും ചെയ്യുമെന്ന് മന്ത്രി അറിയിച്ചു.

കാര്യക്ഷമതയും താൽപര്യവുമുള്ള സത്യസന്ധരായ ഉദ്യോഗസ്ഥരെ മാത്രമേ പ്രത്യേക പരീക്ഷയിലൂടെ ഇനി വിജിലൻസിലേക്ക് നിയമിക്കുകയുള്ളൂവെന്ന് മന്ത്രി പറഞ്ഞു. സഹപ്രവർത്തകരുടെ അഴിമതി തുറന്നുകാട്ടുന്ന സത്യസന്ധരായ ഉദ്യോഗസ്ഥരെ 'വിസിൽ ബ്ലോവേഴ്സ്' ആയി അംഗീകരിച്ച് പാരിതോഷികം നൽകും. ജനപ്രതിനിധികൾ ഉൾപ്പെടെ ആരുടെ അഴിമതിയായാലും തുറന്നുപറയാൻ ജനങ്ങൾ തയ്യാറാകണമെന്നും അഴിമതിയെ പൂജ്യത്തിലെത്തിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഈ ജനകീയ മുന്നേറ്റത്തിൽ എല്ലാവരും പങ്കാളികളാകണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

വിജിലൻസ് കമാൻഡോ ബാഡ്ജ് അണിയിച്ച് ചലച്ചിത്ര നടൻ നിവിൻ പോളിയെ സംസ്ഥാനത്തെ ആദ്യത്തെ വിജിലൻസ് കമാൻഡോ ആയി മന്ത്രി പ്രഖ്യാപിച്ചു. തുടർന്ന് വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള തിരഞ്ഞെടുത്ത വിദ്യാർഥികൾക്ക് കമാൻഡോ ബാഡ്ജ് കൈമാറി. നിവിൻ പോളി വിദ്യാർഥികൾക്ക് യൂത്ത് ഇന്റഗ്രിറ്റി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ചടങ്ങിൽ വി മുരളീധരൻ എംഎൽഎ അധ്യക്ഷത വഹിച്ചു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഐജി പി തോംസൺ ജോസ് സ്വാഗതം ആശംസിച്ചു. വിജിലൻസ് ഡയറക്ടർ ഡിജിപി മനോജ് എബ്രഹാം ആമുഖപ്രഭാഷണം നടത്തി. ഗവർണറുടെ സെക്രട്ടറി ഡോ. കെ വാസുകി, ലയോള ഇൻസ്റ്റിറ്റിയൂഷൻസ് ഡയറക്ടറും മാനേജരുമായ ഫാ. സണ്ണി കുന്നപ്പള്ളിൽ, ഡയറക്ടറും സ്കൂൾ പ്രിൻസിപ്പലുമായ ഫാ. ഡോ സാൽവിൻ അഗസ്റ്റിൻ, ലയോള കോളേജ് പ്രിൻസിപ്പൽ ഡോ പ്രകാശ് പിള്ള എന്നിവർ ആശംസകൾ അറിയിച്ചു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ എസ് പി എസ് ആർ ജ്യോതിഷ് കുമാർ നന്ദി പറഞ്ഞു.



# രജത ജൂബിലി നിറവിൽ തൃശൂർ ജ്യോതി എൻജിനീയറിങ് കോളജ്

**തൃശൂർ:** രജത ജൂബിലി നിറവിൽ തൃശൂർ ജ്യോതി എൻജിനീയറിങ് കോളജ്. രജത ജൂബിലി വർഷത്തിന്റെയും 25ാമത് ബാച്ചിന്റെയും ഉദ്ഘാടനം തൃശൂർ അതിരൂപത ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. 25 വർഷമായി ജ്യോതി എൻജിനീയറിങ് കോളജ് സമൂഹത്തിന് നൽകിയ സംഭാവനകൾ വിലയിരുത്താനും, ഭാവി മുന്നോട്ടു നോക്കി ശക്തിയാർന്ന പദ്ധതികൾ ആവിഷ്ക്കരിക്കാനുമുള്ള അവസരമാണ് ജൂബിലി വർഷമെന്ന് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് പറഞ്ഞു.

മാനേജർ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡേവിഡ് നെറ്റിക്കാടൻ, അക്കാദമിക് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ, പ്രിൻസിപ്പൽ ഡോ. പി. സോജൻ ലാൽ, വൈസ് പ്രിൻസിപ്പൽ പ്രഫ. പി. രത്തനൻ, ബിഎസ്എച്ച് മേധാവി രഞ്ചു ഫ്രാൻസിസ്, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പ്രസംഗിച്ചു.

# മായൻ ചിത്രീകരണം ആരംഭിച്ചു

മലയാള ചലച്ചിത്ര ലോകത്ത് വേറിട്ട പ്രമേയങ്ങൾ കൊണ്ടും ആഖ്യാനശൈലി കൊണ്ടും ശ്രദ്ധേയമാകുന്ന പ്രോജക്റ്റുകൾക്കിടയിലേക്ക്, സിനിമാപ്രേമികളും സിനിമാവ്യവസായവും ഒരേപോലെ ഉറ്റുനോക്കുന്ന, മിസ്റ്ററി ത്രില്ലർ ഗണത്തിൽപ്പെടുന്ന 'മായൻ' എന്ന ചിത്രത്തിന്റെ അന്താരാഷ്ട്ര ഷെഡ്യൂളിന് റഷ്യയിൽ തുടക്കമായി. മലയാള സിനിമയുടെ കഥാപരിസരങ്ങളെ ആഗോളതലത്തിലേക്ക് വ്യാപിപ്പിക്കുന്ന ഈ പ്രോജക്റ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട അധ്യായങ്ങളിലൊന്നാണ് ഇപ്പോൾ റഷ്യയിൽ ചിത്രീകരിച്ചുകൊണ്ടിരിക്കുന്നത്.

മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ പ്രശസ്ത നിർമ്മാതാവ് രാജീവ് ഗോവിന്ദൻ നിർമ്മിക്കുന്ന ഈ ചിത്രം സംവിധാനം ചെയ്യുന്നത് ജിതിൻ കെ. ജോസ് ആണ്. ജയസൂര്യ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രത്തിൽ നൈല ഉഷയാണ് നായിക. ഇവർക്കൊപ്പം വിജയ് ബാബു, ഐശ്വര്യ രാജ്, ജിബിൻ ഗോപിനാഥ് എന്നിവരും ചിത്രത്തിന്റെ കഥാഗതിയെ മാറ്റിമറിക്കുന്ന അതീവ പ്രാധാന്യമുള്ള വേഷങ്ങളിൽ അണിനിരക്കുന്നു. വിവിധ രാജ്യങ്ങളിലേക്ക് പടർന്നു കിടക്കുന്ന പുരാതനമായ ആഭിചാര ആചാരങ്ങളുടെയും, ലോകത്തിന്റെ വിവിധ കോണുകളിൽ രഹസ്യമായി പ്രവർത്തിക്കുന്ന അദൃശ്യ ശക്തികളുടെയും ഒരു ആഗോള ശൃംഖലയെ ചുറ്റിപ്പറ്റിയാണ് മായന്റെ പ്രമേയം വികസിക്കുന്നത്.

നൂറ്റാണ്ടുകളായി മറഞ്ഞിരിക്കുന്ന നിഗൂഢതകളുടെയും ശക്തികളുടെയും വേരുകൾ തേടിയുള്ള യാത്ര സ്വാഭാവികമായും ഇന്ത്യയുടെ അതിരുകൾക്ക് പുറത്തേക്ക് നീളുന്ന ഒന്നാണ്. ഈ അന്താരാഷ്ട്ര ശൃംഖലയിലെ ഏറ്റവും നിർണ്ണായകമായ ഒരു അധ്യായമാണ് റഷ്യൻ പശ്ചാത്തലത്തിൽ ഒരുങ്ങുന്നത്. വെറും ഒരു ത്രില്ലർ എന്നതിനപ്പുറം, വളരെ ആഴത്തിലുള്ള വേൾഡ് ബിൽഡിംഗും ,ലെയറുകളുമുള്ള തിരക്കഥയുമാണ് ചിത്രത്തിന്റെ പ്രധാന ആകർഷണം. പ്രേക്ഷകനെ കഥയുടെ അന്തരീക്ഷത്തിലേക്ക് പൂർണ്ണമായി ആഴ്ന്നിറക്കുന്ന ഒരു സിനിമാറ്റിക് അനുഭവമായിരിക്കും മായൻ സമ്മാനിക്കുക.

തിരക്കഥാകൃത്ത് റാഫിയും സംവിധായകൻ ജിതിൻ കെ. ജോസും ചേർന്നാണ് ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും ഒരുക്കിയിരിക്കുന്നത്. സിനിമയുടെ അന്താരാഷ്ട്ര നിലവാരത്തിന് അനുയോജ്യമായ രീതിയിൽ ദൃശ്യങ്ങളും ശബ്ദവും ഒരുക്കാൻ ഇൻഡസ്ട്രിയിലെ ഏറ്റവും പ്രഗത്ഭരായ സാങ്കേതിക പ്രവർത്തകരാണ് ക്യാമറയ്ക്ക് പിന്നിൽ അണിനിരക്കുന്നത്. പ്രശസ്ത ഛായാഗ്രാഹകൻ ഫൈസൽ അലിയാണ് ചിത്രത്തിന്റെ ക്യാമറ ചലിപ്പിക്കുന്നത്. മുജീബ് മജീദ് സംഗീതവും പശ്ചാത്തല സംഗീതവും നിർവ്വഹിക്കുമ്പോൾ പ്രവീൺ പ്രഭാകർ എഡിറ്റിംഗ് കൈകാര്യം ചെയ്യുന്നു. സുനിൽ ദാസ് ആണ് ചിത്രത്തിന്റെ പ്രൊഡക്ഷൻ ഡിസൈനർ.




എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: സുനിൽ സിംഗ്, ലൈൻ പ്രൊഡ്യൂസർ: രോഹിത് ആർ. നായർ, പ്രൊഡക്ഷൻ കൺട്രോളർ: ദീപക് പരമേശ്വരൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ബോസ് വി. എന്നിവരാണ് ചിത്രത്തിന്റെ മറ്റ് പ്രധാന അണിയറ പ്രവർത്തകർ. വിപിൻ കുമാർ വി, വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ പി.ആർ.ഒ & ഡിജിറ്റൽ മാർക്കറ്റിംഗ് കൈകാര്യം ചെയ്യുന്നത്. റഷ്യൻ ഷെഡ്യൂളിന്റെ തുടക്കത്തോടെ 'മായൻ' അതിന്റെ നിർമ്മാണ ഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു നാഴികക്കല്ലാണ് പിന്നിട്ടിരിക്കുന്നത്. പൂർണ്ണമായും അന്താരാഷ്ട്ര സ്വഭാവമുള്ള ഒരു ഫാന്റസി ത്രില്ലർ എന്ന നിലയിൽ, പ്രേക്ഷകർക്കിടയിലും ആഗോള ചലച്ചിത്ര വിതരണപ്രദർശന മേഖലകളിലും ഒരു പോലെ വലിയ തരംഗമുണ്ടാക്കാൻ പോകുന്ന ഒന്നാണ് മായൻ എന്ന സൂചനയാണ് ഈ ഷെഡ്യൂൾ നൽകുന്നത്.



# മാമ്പറയ്ക്കൽ അഹമ്മദ് അലിയായി മോഹൻലാൽ

പൃഥിരാജ് വൈശാഖ് ചിത്രം ഖലീഫയുടെ ഡബ്ബിംഗ് പൂർത്തിയാക്കി മോഹൻലാൽ. മോഹൻലാലിനൊപ്പമുള്ള ചിത്രങ്ങൾ പങ്കുവച്ചാണ് അണിയറ പ്രവർത്തകർ സിനിമയുടെ പുതിയ അപ്ഡേറ്റ് അറിയിച്ചത്. ചിത്രത്തിൽ മാമ്പറയ്ക്കൽ അഹമ്മദ് അലി എന്ന അതിഥിതാരമായാണ് മോഹൻലാൽ എത്തുന്നത്.


മാമ്പറയ്ക്കൽ അഹമ്മദ് അലി എന്ന കഥാപാത്രത്തിൻറെ കഥ പറയുന്ന ഖലീഫയുടെ രണ്ടാംഭാഗത്തിൽ മോഹൻലാൽ നായകനായി എത്തും. പൃഥിരാജ് നായകനാകുന്ന ഖലീഫയുടെ ആദ്യഭാഗം ഓണം റിലീസായി ഓഗസ്റ്റ് 20ന് റിലീസാകും. സിനിമയിൽ വില്ലനായി ബോളിവുഡ് താരം നീൽ നിഥിൻ മുകേഷ് എത്തുന്നു. നടൻറെ മോളിവുഡ് അരങ്ങേറ്റം കൂടിയാണിത്.

സ്വർണ കള്ളക്കടത്തിന്റെ പശ്ചാത്തലത്തിൽ വലിയ കാൻവാസിൽ കഥപറയുന്ന ഒരു ബിഗ് ബഡ്ജറ്റ് എൻറർറ്റൈനെർ ആണ് ഖലീഫ. മാസ്സ് സ്റ്റൈലിഷ് ആക്ഷൻ ത്രില്ലറായി ഒരുക്കുന്ന ചിത്രം, ത്രസിപ്പിക്കുന്ന ചേസ് രംഗങ്ങൾ കൊണ്ടും ആക്ഷൻ രംഗങ്ങൾ കൊണ്ടും സമ്പന്നമാകും. പ്രതികാരം സുവർണ്ണ ലിപികളാൽ എഴുതപ്പെടും എന്നാണ് സിനിമയുടെ ടാഗ്‌ലൈൻ.

പോക്കിരി രാജയ്ക്കു ശേഷം വൈശാഖും പൃഥിരാജും ഒന്നിക്കുന്ന ഈ ചിത്രം കഴിഞ്ഞ വർഷം ഓഗസ്റ്റ് ആദ്യ വാരം ലണ്ടനിൽ ആണ് ചിത്രീകരണം ആരംഭിച്ചത്. ദുബായ്, ഇന്ത്യ, നേപ്പാൾ എന്നിവയാണ് ചിത്രത്തിന്റെ മറ്റ് പ്രധാന ലൊക്കേഷനുകൾ. ആദം ജോൺ, ലണ്ടൻ ബ്രിഡ്ജ്, മാസ്റ്റേഴ്സ്, കടുവ എന്നീ സിനിമകൾക്കു ശേഷം ജിനു എബ്രഹാം പൃഥിരാജ് ടീം ഒന്നിക്കുന്ന ചിത്രം കൂടിയാണിത്.

# ഭൗമ ഫസ്റ്റ് ലുക്ക് പ്രകാശനം ചെയ്തു

അറ്റ് ഫിലിംസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ ബസം കാദിയാർ നിർമിച്ച് റെജിൻ എസ്. ബാബു തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ഭൗമ.




പതിനാറ് അഭിനേതാക്കളുടെ വ്യത്യസ്ഥ ഭാവത്തിലുള്ള ലുക്കോടെയാണ് ഫസ്റ്റ് ലുക്ക് എത്തിയിരിക്കുന്നത്. മിസ്റ്ററി തില്ലർ ജോണറിൽ അവതരിപ്പിക്കുന്ന ഈ ചിത്രം രണ്ടു കാലഘട്ടങ്ങളിലൂടെയാണ് സഞ്ചരിക്കുന്നത്.

പെൻഡുലം എന്ന ചിത്രത്തിനു ശേഷം റെജിൻ. എസ് ബാബു സംവിധാനം ചെയ്യുന്ന ഈ ചിത്രവും ഏറെ പ്രതീക്ഷ നൽകുന്നതാണ്.വിനീത്, ദിലീഷ് പോത്തൻ, സാഗർ, സൂര്യ, ജനാർദ്ദനൻ, ലെന, രേവതി ശർമ്മ കാവ്യാ ഭാനു, അനിതാ നായർ എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്നു.

ശരൺ വേലായുധനാണ് ഛായാഗ്രാഹകൻ. എഡിറ്റിംഗ് സൂരജ് ഇ.എസ്. പ്രൊഡക്ഷൻ ഡിസൈനർ അപ്പുണ്ണി സാജൻ. കലാസംവിധാനം നിബിൻ വർഗീസ്. മേക്കപ്പ് റോണി വെള്ളത്തൂവൽ. കോസ്റ്റ്യൂം ഡിസൈൻ ഗോപിക ഉണ്ണികൃഷ്ണൻ. സ്റ്റിൽസ് ജിതിൻ എസ്. ബാബു. ചീഫ് അസോസിയേറ്റ് ഡയറക്ടർ ഏബ്രഹാം സൈമൺ (അബ്രു). ഫിനാൻസ് കൺട്രോളർ രാഹുൽ പിള്ള. പ്രൊഡക്ഷൻ മാനേജർ ജസ്റ്റിൻ ടോണി തോമസ്. പ്രൊഡക്ഷൻ എക്സിക്കുട്ടിവ് ഷെറിൻ സ്റ്റാൻലി. പ്രൊഡക്ഷൻ കൺട്രോളർ ജോബ് ജോർജ്. കൊച്ചി പീരുമേട് എന്നിവിടങ്ങളിലായിട്ടാണ് ഈ ചിത്രത്തിൻറെ ചിത്രീകരണം പൂർത്തിയായിരിക്കുന്നത്. പിആർഒവാഴൂർ ജോസ്.




# ഇംപാക്ട് മിന്റ്സിന്റെ ബ്രാൻഡ് അംബാസഡറായി രൺവീർ സിംഗ്

**കൊച്ചി:** ജർമൻ മിന്റ് ബ്രാൻഡായ ഇംപാക്ട് മിന്റ്സ് ഇന്ത്യയിലെ ആദ്യ ദേശീയ ബ്രാൻഡ് അംബാസഡറായി ബോളിവുഡ് താരം രൺവീർ സിംഗിനെ പ്രഖ്യാപിച്ചു. ഇതോടനുബന്ധിച്ച് രൺവീർ സിംഗ് അഭിനയിച്ച പുതിയ പരസ്യ ചിത്രവും കമ്പനി പുറത്തിറക്കി. ദൈനംദിന ജീവിതത്തിലെ ഓരോ നിമിഷത്തിലും പുതുമയും ആത്മവിശ്വാസവും നൽകുന്ന കൂട്ടാളിയായാണ് ഇംപാക്ട് മിന്റ്സിനെ പ്രചാരണത്തിലൂടെ അവതരിപ്പിക്കുന്നത്. രാജ്യത്തുടനീളം ബ്രാൻഡിന്റെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിനുമാണ് ഈ സഹകരണം ലക്ഷ്യമിടുന്നത്. പുതിയ രുചികളും ലിമിറ്റഡ് എഡിഷൻ ഉൽപ്പന്നങ്ങളും അവതരിപ്പിച്ചുകൊണ്ട് ഇന്ത്യൻ വിപണിയിലെ സാന്നിധ്യം കൂടുതൽ ശക്തമാക്കാനും കമ്പനി പദ്ധതിയിടുന്നതായി അറിയിച്ചു.



# മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന് എം.എസ്. ധോണി ബ്രാൻഡ് അംബാസഡർ

**കൊച്ചി:** മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ ബ്രാൻഡ് അംബാസഡറായി മുൻ ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ എം.എസ്. ധോണിയെ നിയമിച്ചു.

ആഗോളതലത്തിൽ 450 ലേറെ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഷോറൂമുകൾക്കായി വിവിധ പ്ലാറ്റ്ഫോമുകളിലൂടെയുള്ള പ്രചാരണ പരിപാടികളാണ് സഹകരണത്തിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.

# തമിഴ്നാട് മെർക്കന്റൈൽ ബാങ്കിന് നേട്ടം

**കൊച്ചി:** തമിഴ്നാട് മെർക്കൻറൈൽ ബാങ്ക് ലിമിറ്റഡിന് (ടിഎംബി) ജൂൺ 30ന് അവസാനിച്ച പാദത്തിലെ അറ്റാദായത്തിൽ വർധന.

മുൻവർഷം ഇതേ പാദത്തിലെ 304.89 കോടി രൂപയിൽനിന്നും 34.97 ശതമാനം വർധിച്ച് അറ്റാദായം 411.51 കോടിയിലെത്തി.

പ്രവർത്തനലാഭം മുൻവർഷത്തെ 412.26 കോടിയിൽനിന്ന് 48.22 ശതമാനം വർധനയോടെ 611.07 കോടി രൂപയായി ഉയർന്നു.

അറ്റ പലിശ വരുമാനം മുൻവർഷത്തെ 579.55 കോടി രൂപയിൽനിന്ന് 32.01 ശതമാനം വളർച്ചയോടെ 765.08 കോടി രൂപയായതായും അധികൃതർ അറിയിച്ചു.

# എസ്പിജെഐഎംആറും ഗ്രേറ്റ് ലേണിംഗും കൈകോർക്കുന്നു

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അധിഷ്ഠിത എക്സിക്യൂട്ടീവ് വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനായി ഭാരതീയ വിദ്യാഭവൻറെ എസ്പി ജെയിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് റിസർച്ച് (എസ്പിജെഐഎംആർ) ആഗോള എഡ്ടെക് പ്ലാറ്റ്ഫോമായ ഗ്രേറ്റ് ലേണിംഗുമായി കൈകോർക്കുന്നു.

തൊഴിൽ രംഗത്തുള്ള പ്രഫഷണലുകൾക്ക് എഐ സാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തി ബിസിനസ് പരിവർത്തനത്തിനും നേതൃത്വത്തിനും ആവശ്യമായ കഴിവുകൾ വികസിപ്പിക്കുകയാണ് ഈ സംരംഭത്തിൻറെ ലക്ഷ്യമെന്ന് അധികൃതർ പറഞ്ഞു.



# വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കി സിഗ്നിഫൈ

**കൊച്ചി:** ലൈറ്റിംഗ് രംഗത്തെ ആഗോള ബ്രാൻഡായ സിഗ്നിഫൈ 'ജഗ്മഗ് പാഠശാല' പദ്ധതിയിലൂടെ ആന്ധ്രപ്രദേശിലെ പർവതിപുരം മന്യം ജില്ലയിലെ 56 സർക്കാർ ആദിവാസി ക്ഷേമ റെസിഡൻഷ്യൽ സ്കൂളുകളിൽ ലൈറ്റിംഗും അടിസ്ഥാന വൈദ്യുതി സൗകര്യങ്ങളും നവീകരിച്ചു. ഇതിലൂടെ 18,200ത്തിലധികം ആദിവാസി വിദ്യാർഥികൾക്ക് കൂടുതൽ സുരക്ഷിതവും പ്രകാശപൂർണവും സൗകര്യപ്രദവുമായ പഠനാന്തരീക്ഷം ഒരുക്കിയതായി കമ്പനി അറിയിച്ചു. ഊർജക്ഷമതയുള്ള സീലിംഗ് ഫാനുകൾ, ട്യൂബ് ലൈറ്റുകൾ, പുറം വെളിച്ച സംവിധാനങ്ങൾ എന്നിവ സ്ഥാപിച്ചതോടെ ക്ലാസ് മുറികളുടെ സൗകര്യവും സുരക്ഷയും മെച്ചപ്പെട്ടു. വിദ്യാർഥികളുടെ ഹാജർ, പഠനത്തിലെ ശ്രദ്ധ, അക്കാദമിക്കായിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവയും വർധിച്ചതായി സിഗ്നിഫൈ അറിയിച്ചു. ജനകല്യാണ സമഖ്യയും സംയോജിത ആദിവാസി വികസന ഏജൻസിയും ചേർന്നാണ് പദ്ധതി നടപ്പാക്കിയത്. വിദ്യാഭ്യാസത്തിനും സമൂഹക്ഷേമത്തിനുമുള്ള സിഗ്നിഫൈയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ് 'ജഗ്മഗ് പാഠശാല' പദ്ധതി നടപ്പാക്കിയത്.

# യുകെയിലെ എബി പോർട്സിന്റെ ഭൂരിപക്ഷം ഓഹരികൾ സ്വന്തമാക്കാൻ അദാനി

**മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ തുറമുഖ ഓപ്പറേറ്ററായ ഗൗതം അദാനിയുടെ നേതൃത്വത്തിലുള്ള അദാനി പോർട്ട്സ് ആൻഡ് സ്പെഷൽ ഇക്കണോമിക് സോൺ യുകെയിലെ ഏറ്റവും വലിയ തുറമുഖ ഓപ്പറേറ്ററായ അസോസിയേറ്റഡ് ബ്രിട്ടീഷ് പോർട്ട്സിന്റെ ഭൂരിഭാഗം ഓഹരികൾ ഏറ്റെടുക്കാൻ ഒരുങ്ങുന്നതായി റിപ്പോർട്ടുകൾ.

വലിയ വിദേശ കരാർ: 1000 കോടി പൗണ്ടിലധികം (10 ബില്യൺ പൗണ്ട്) മൂല്യം പ്രതീക്ഷിക്കുന്നതാണ് ഈ ഇടപാട്. കരാർ പൂർത്തിയായാൽ, ഇത് അദാനി ഗ്രൂപ്പിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിദേശ ഏറ്റെടുക്കലായി മാറും.

ഏറ്റെടുക്കൽ ലക്ഷ്യം: കനേഡിയൻ പെൻഷൻ ഫണ്ടുകളുടെ കൈയിലുള്ള എബിപിയുടെ 63.9 % ഓഹരികളാണ് അദാനി പോർട്സ് സ്വന്തമാക്കാൻ ലക്ഷ്യമിടുന്നത്.

ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ്, വെയിൽസ് എന്നിവിടങ്ങളിലായി 21 തുറമുഖങ്ങളാണ് എബിപി നിയന്ത്രിക്കുന്നത്. ഇതിൽ യുകെയിലെ ഏറ്റവും വലിയ തുറമുഖമായ ഇമ്മിംഗ്ഹാമും, പ്രതിവർഷം 40 ബില്യൺ പൗണ്ടിന്റെ കയറ്റുമതി കൈകാര്യം ചെയ്യുന്ന പ്രമുഖ തുറമുഖമായ സൗതാംപ്ടണും ഉൾപ്പെടുന്നു എന്നത് ഈ നീക്കത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. കമ്പനി നിയന്ത്രിക്കുന്ന തുറമുഖങ്ങൾ രാജ്യത്തെ മൊത്തം സമുദ്രവ്യാപാരത്തിന്റെ നാലിലൊന്നാണ് (25 %)കൈകാര്യം ചെയ്യുന്നത്.നിലവിൽ ഇസ്രയേൽ, ശ്രീലങ്ക, ടാൻസാനിയ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ അദാനി പോർട്സിന് സാന്നിധ്യമുണ്ട്. യുകെയിലേക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതു വഴി 2031ഓടെ ലോകത്തിലെ തന്നെ ഏറ്റവും വലിയ ഗതാഗത ലോജിസ്റ്റിക്സ് കമ്പനിയാകുക എന്ന ലക്ഷ്യത്തിലേക്കെത്താൻ അദാനി ഗ്രൂപ്പിന് സാധിക്കും.

ചർച്ചകൾ പ്രാഥമിക ഘട്ടത്തിലാണെന്നും ഔദ്യോഗികമായി ഓഫർ നൽകുന്ന കാര്യം കമ്പനി സ്ഥിരീകരിച്ചിട്ടില്ലെന്നും റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്നുണ്ട്.

# വി ഗാർഡിന് അറ്റാദായത്തിൽ 76 ശതമാനം വർധന

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണനിർമാതാക്കളായ വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ജൂൺ 30ന് അവസാനിച്ച 2026-27 സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിൽ 1810.65 കോടി രൂപ മൊത്തം വരുമാനം നേടി.

മുൻ വർഷം ഇതേ പാദത്തിലെ 1466.08 കോടി രൂപയിൽനിന്ന് 23.5 ശതമാനമാണു വർധന. മുൻവർഷം ഇതേ പാദത്തിൽ 73.85 കോടി രൂപയായിരുന്ന അറ്റാദായം ഇത്തവണ 76.4 ശതമാനം വർധിച്ച് 130.25 കോടി രൂപയിലെത്തി.

സാമ്പത്തികവർഷത്തിലെ ഒന്നാം പാദത്തിൽ ബിസിനസ് ശക്തമായ പ്രകടനം കാഴ്ചവച്ചതായി വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.

ബിസിനസിന്റെ ശക്തമായ അടിത്തറ, സജീവമായ മുൻകരുതൽ നടപടികൾ, അനുകൂലമായ വേനൽക്കാലം എന്നിവയുടെ പിൻബലത്തിൽ മികച്ച ലാഭവിഹിതവും വളർച്ചയും നേടാൻ വി ഗാർഡിനു സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി.



കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററിൽ യൊനെക്സ്സൺറൈസ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ചിരിക്കുന്ന പി.കെ.ഗോപൻ മെമ്മോറിയൽ അഖില കേരള സബ് ജൂനിയർ ബാഡ്മിൻഡൻ ടൂർണ്ണമെന്റിന്റെ ഉദ്ഘാടനം കേരള സ്റ്റേറ്റ് ബാഡ്മിൻഡൻ അസ്സോസിയേഷൻ പ്രസിഡന്റ് ചിത്രേഷ് നായർ നിർവ്വഹിക്കുന്നു. ഷാരി ശങ്കർ, കെ.കെ.നദിർ, സി.എസ് രാജീവ്, കെ.ബി.രാജേഷ്, ഹാരി റാഫേൽ തുടങ്ങിയവർ സമീപം.

# അഖില കേരള സബ് ജൂനിയർ ബാഡ്മിൻഡൻ ടൂർണ്ണമെന്റിന് തുടക്കമായി

**കൊച്ചി:** അഖില കേരള സബ് ജൂനിയർ ബാഡ്മിൻഡൻ ടൂർണ്ണമെന്റിന് കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററിൽ തുടക്കമായി. യൊനെക്സ്സൺറൈസ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ചിരിക്കുന്ന പി.കെ.ഗോപൻ മെമ്മോറിയൽ ടൂർണ്ണമെന്റിന്റെ ഉദ്ഘാടനം കേരള സ്റ്റേറ്റ് ബാഡ്മിൻഡൻ അസ്സോസിയേഷൻ പ്രസിഡന്റ് ചിത്രേഷ് നായർ നിർവ്വഹിച്ചു. ഷാരി ശങ്കർ, കെ.കെ.നദിർ, സി.എസ് രാജീവ് എന്നിവർ മുഖ്യാതിഥികളായിരുന്നു. എറണാകുളം ജില്ലാ ബാഡ്മിൻഡൻ അസ്സോസിയേഷൻ പ്രസിഡന്റ് കെ.ബി. രാജേഷ്, ഇന്ത്യ നോമിനി ഹാരി റാഫേൽ എന്നിവർ പ്രസംഗിച്ചു. ടൂർണ്ണമെന്റ് ഓഗസ്റ്റ് രണ്ടിന് സമാപിക്കും.



# ഡ്രീം ഡി30 അൾട്രാ റോബോട്ടിക് വാക്വം അവതരിപ്പിച്ചു

**കൊച്ചി:** സ്മാർട്ട് ഹോം സാങ്കേതിക വിദ്യാ രംഗത്തെ ആഗോള കമ്പനിയായ ഡ്രീം ടെക്നോളജി, പുതിയ ഡ്രീം ഡി30 അൾട്രാ റോബോട്ടിക് വാക്വം ഇന്ത്യയിൽ അവതരിപ്പിച്ചു. ശക്തമായ 25,000 പി.എ. സക്ഷൻ ശേഷി, മോപ്പ് എക്സ്റ്റെൻഡ് സാങ്കേതികവിദ്യ, എസ്ക്ലീൻ ഡ്രൈബോർഡ് ഓട്ടോക്ലീനിംഗ് സംവിധാനം, 75 ദിവസം വരെ കൈകൊണ്ട് പൊടി നീക്കം ചെയ്യേണ്ടതില്ലാത്ത ഡസ്റ്റ് ശേഖരണ സൗകര്യം എന്നിവയാണ് പ്രധാന പ്രത്യേകതകൾ. മോപ്പ് കഴുകൽ, ഉണക്കൽ, വെള്ളം നിറയ്ക്കൽ, തടസ്സങ്ങൾ തിരിച്ചറിഞ്ഞ് സഞ്ചരിക്കൽ, കാർപെറ്റുകൾ നനയാതെ വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഉപകരണം സ്വയം നിർവഹിക്കും. 52,999 രൂപയാണ് വില. നിലവിൽ ആമസോണിൽ ലഭ്യമായ ഈ ഉൽപ്പന്നം ഓഗസ്റ്റ് ഒന്ന് മുതൽ ഡ്രീം ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റ്, ക്രോമ, തിരഞ്ഞെടുത്ത റീട്ടെയിൽ സ്റ്റോറുകൾ എന്നിവിടങ്ങളിലും ലഭ്യമാകും. ആധുനിക വീടുകൾക്ക് കൂടുതൽ സൗകര്യപ്രദവും പൂർണമായും സ്വയം പ്രവർത്തിക്കുന്നതുമായ ഗൃഹശുചീകരണ അനുഭവം നൽകുകയാണ് ലക്ഷ്യമെന്ന് ഡ്രീം ഇന്ത്യ മാനേജിങ് ഡയറക്ടർ മനു ശർമ്മ പറഞ്ഞു.

# ഉജ്ജീവൻ എസ്.എഫ്.ബിയും ടാറ്റ എഐജിയും കൈകോർക്കുന്നു

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കും ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് കമ്പനിയും രാജ്യവ്യാപകമായി ഇൻഷുറൻസ് സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനായി സഹകരിച്ചു. ഈ പങ്കാളിത്തത്തിന്റെ ഭാഗമായി ഉജ്ജീവന്റെ 700ലധികം ശാഖകളിലൂടെയും ബാങ്കിംഗ് ടച്ച് പോയിന്റുകളിലൂടെയും ടാറ്റ എഐജിയുടെ ജനറൽ ഇൻഷുറൻസ് പദ്ധതികൾ ലഭ്യമാകും.

26 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 300ലധികം ജില്ലകളിലെ ഉപഭോക്താക്കൾക്ക് ആരോഗ്യ, വാഹന, ഭവന, എം.എസ്.എം.ഇ. മേഖലകൾക്കായുള്ള ഇൻഷുറൻസ് പരിഹാരങ്ങൾ ഇതിലൂടെ ലഭ്യമാകും. ശാഖകളിൽ പ്രത്യേക ടീമുകളെ വിന്യസിച്ച് പോളിസി സേവനങ്ങളും ഉപഭോക്തൃ സഹായവും ഉറപ്പാക്കും. കൂടുതൽ ആളുകളിലേക്ക് ഇൻഷുറൻസ് പരിരക്ഷ എളുപ്പത്തിലും സൗകര്യപ്രദമായും എത്തിക്കുകയാണ് ഈ സഹകരണത്തിന്റെ ലക്ഷ്യമെന്ന് ഇരുകമ്പനികളും അറിയിച്ചു.



ശബ്ദം, ശ്വാസനാളം, വിഴുങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അത്യാധുനിക പരിചരണം നൽകുന്ന 'ആവാസ്' (അഡ്വാൻസ്ഡ് സെന്റർ ഫോർ എയർവേ, വോയിസ് ആൻഡ് സ്വാളോവിങ്) എന്ന പുതിയ വിഭാഗം ഔദ്യോഗികമായി ലോഞ്ച് ചെയ്യുന്നു.

# ലോക ഹെഡ് & നെക്ക് അർബുദ ദിനം: ശബ്ദം, ശ്വാസനാളം എന്നിവയ്ക്ക് അത്യാധുനിക പരിചരണത്തിനായി 'ആവാസ്' സെന്ററുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ലോക ഹെഡ് & നെക്ക് അർബുദ ദിനാചരണത്തിന്റെ ഭാഗമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ ഹെഡ് & നെക്ക് സർജറി ആൻഡ് ഓങ്കോളജി വിഭാഗം 'ഉയരെ' എന്ന പേരിൽ പ്രത്യേക സംഗമവും ചിത്രപ്രദർശനവും സംഘടിപ്പിച്ചു. 'ഒന്നിച്ച് ഒന്നായി ഉയരാം' എന്ന സന്ദേശത്തോടെ ആസ്റ്റർ മെഡ്സിറ്റി നോളജ് ഹബ്ബിൽ നടന്ന ചടങ്ങിൽ ടി. ജെ. വിനോദ് എംഎൽഎ, സംഗീത സംവിധായകൻ ജേക്സ് ബിജോയ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.

നാക്കിലെ അർബുദത്തെ അതിജീവിച്ച ശിവൻജി എന്ന കലാകാരന്റെ ചിത്രപ്രദർശനവും പരിപാടിയിൽ ശ്രദ്ധേയമായി. ശസ്ത്രക്രിയയ്ക്ക് ശേഷം രോഗമുക്തനായ അദ്ദേഹം സംസാരിക്കാനുള്ള പ്രയാസങ്ങളെ മറികടന്ന് വരകളിലൂടെ പങ്കുവെക്കുന്ന തന്റെ വികാരങ്ങളും ആത്മവിശ്വാസവും എടുത്തുകാട്ടുന്നതായിരുന്നു പ്രദർശനം. ശബ്ദം, ശ്വാസനാളം, വിഴുങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അത്യാധുനിക പരിചരണം നൽകുന്ന 'ആവാസ്' (അഡ്വാൻസ്ഡ് സെന്റർ ഫോർ എയർവേ, വോയിസ് ആൻഡ് സ്വാളോവിങ്) എന്ന പുതിയ വിഭാഗത്തിന്റെ ഔദ്യോഗിക ലോഞ്ചും ചടങ്ങിൽ നിർവ്വഹിച്ചു.

തലയിലെയും കഴുത്തിലെയും അർബുദത്തെ അതിജീവിച്ചവരുടെ പോരാട്ടവീര്യത്തെയും ആത്മവിശ്വാസത്തെയും ആദരിക്കാനും, രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണം സമൂഹത്തിലേക്ക് എത്തിക്കാനുമാണ് സംഗമം സംഘടിപ്പിച്ചതെന്ന് ആസ്റ്റർ മെഡ്സിറ്റി കേരള ക്ലസ്റ്റർ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി നെറ്റ്വർക്കിന്റെ സീനിയർ കൺസൾട്ടന്റും പ്രോഗ്രാം ഡയറക്ടറുമായ ഡോ. ഷോൺ ടി. ജോസഫ് പറഞ്ഞു. ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ്, സിഒഒ ഡോ. ഷുഹൈബ് കാദർ, മറ്റ് മുതിർന്ന ഡോക്ടർമാരും മാനേജ്മെന്റ് പ്രതിനിധികളും ജീവനക്കാരും പരിപാടിയുടെ ഭാഗമായി.




# സ്റ്റേഫ്രീ സെക്യൂർ എക്സ്എൽ വിപണിയിലിറക്കി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ മെൻസ്ട്രുവൽ ഹൈജീൻ ബ്രാൻഡായ സ്റ്റേഫ്രീ, അത്യാധുനിക ഫീച്ചറുകളോടെ നവീകരിച്ച സ്റ്റേഫ്രീ സെക്യൂർ എക്സ്എൽ വിപണിയിലിറക്കി. ഡബിൾ ലീക്ക് ലോക്ക് സാങ്കേതികവിദ്യയിലൂടെ 12 മണിക്കൂർ വരെ ഇരട്ട സംരക്ഷണം ഉറപ്പുനൽകുന്നതാണ് ഈ പാഡ്. കൂടാതെ, പുറംഭാഗത്തെ സുരക്ഷാ പാളി ചുവപ്പുനിറമായി മാറി പാഡ് മാറ്റേണ്ട സമയം കൃത്യമായി സൂചിപ്പിക്കുന്ന 'പാഡ് ചേഞ്ച് അലർട്ട്' സംവിധാനമാണ് ഇതിന്റെ പ്രധാന പ്രത്യേകത. സ്ത്രീകൾക്ക് ആർത്തവദിനങ്ങളിൽ പൂർണ്ണ ആത്മവിശ്വാസവും ആശ്വാസവും നൽകാൻ ലക്ഷ്യമിടുന്ന ഈ ഉൽപ്പന്നത്തിനായി, ബോളിവുഡ് താരം കിയാര അദ്വാനിയെ അണിനിരത്തി 'സീറോ ടെൻഷൻ. ഡബിൾ പ്രൊട്ടക്ഷൻ' എന്ന പേരിൽ പുതിയ പരസ്യപ്രചാരണവും കമ്പനി ആരംഭിച്ചിട്ടുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com